DEPARTMENT OF AGRICULTURE

# FARM INFORMATION BUREAU

FARM NEWS

04-05--2021

## കാർഷികമേഖലാവാർത്തകൾ

### ആനയറ അറിയിപ്പ്

തിരുവനന്തപുരം ആനയറയിൽ പ്രവർത്തിക്കുന്ന കാർഷിക നഗര മൊത്ത വ്യാപാര വിപണിയിൽ കർഷകർ ഉത്പാദിപ്പിച്ച പച്ചക്കറികൾ ചൊവ്വ, വ്യാഴം, ഞായർ ദിവസങ്ങളിൽ ഉച്ചകഴിഞ്ഞ് 2 മണി മുതൽ ന്യായവിലക്ക് വാങ്ങാവുന്നതാണ്. ഇടനിലക്കാർ ഇല്ലാത്തതിനാൽ ഗുണഭോക്താക്കൾക്ക് ന്യായവിലയ്ക്ക് ഗുണമേന്മയുള്ള പച്ചക്കറികൾ ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 9383470310 എന്ന നമ്പരിൽ ബന്ധപ്പെടുക.

### പരിശീലനം

മലമ്പുഴ സർക്കാർ മൃഗസംരക്ഷണകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ പശു വളർത്തൽ എന്ന വിഷയത്തിൽ നാളെ (05.05.2021) രാവിലെ 10 .30 നു ഓൺലൈൻ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. ഏകദിന പരിശീലനത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ 9188522713 എന്ന നമ്പറിലേക്ക് പരിശീലനാർത്ഥിയുടെ പേര് മേൽവിലാസം, പരിശീലനത്തിന്റെ പേര് എന്നീ വിവരങ്ങൾ വാട്സ് ആപ്പ് ചെയ്ത്

രജിസ്റ്റർ ചെയ്യാവുന്നതാണെന്ന് മലമ്പുഴ മൃഗസംരക്ഷണ പരിശീലന കേന്ദ്രം അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു.

## തെങ്ങിൻ തൈകൾ വിൽപ്പനയ്ക്ക്

വി.എഫ്.പി.സി.കെ യുടെ തിരുവനന്തപുരം ആനയറയിലുള്ള കൃഷി ബിസിനസ്സ് കേന്ദ്രയിൽ തെങ്ങിൻ തൈകൾ വിൽപ്പനയ്ക്ക് ലഭ്യമാണ്. TxD തൈകൾ, DxT തൈകൾ എന്നിവ 200 രൂപയും നാടൻ തെങ്ങിൻ തൈകൾ 100 രൂപയുമാണ് വില. കൂടുതൽ വിവരങ്ങൾക്ക് **8281635530** എന്ന നമ്പരിൽ ബന്ധപ്പെടുക.

## കോഴിക്കുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക്

കോട്ടയം ജില്ലയിലെ പ്രാദേശിക കോഴിവളർത്തൽ കേന്ദ്രം മണർകാട് നിന്നും എല്ലാ ബുധൻ, ശനി ദിവസങ്ങളിലും ഒരുദിവസം പ്രായമായ ഗ്രാമശ്രീ പിടക്കുഞ്ഞിനെ 22 രൂപയ്ക്കും പൂവൻ കുഞ്ഞിനെ 10 രൂപയ്ക്കും വിതരണം ചെയ്യുന്നതായി അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു. ബുക്കിങ്ങിനായി ബന്ധപ്പെടേണ്ട നമ്പർ 8301897710, 0481-2373710

## ഫലവർഗതൈകൾവിൽപ്പനയ്ക്ക്

എറണാകുളം ഹൈക്കോടതി ജംഗ്ഷൻ, ഗോശ്രീ റോഡിലുള്ള കൃഷിവിജ്ഞാന കേന്ദ്രത്തിൽ മാവ്, സപ്പോട്ട, പേര, പപ്പായ, ചാമ്പ, നെല്ലി, ഞാവൽ, ബബ്ലൂസ് നാരകം, മുസംബി, മറ്റു നാരക ഇനങ്ങൾ, ചെറി, പാഷൻഫ്രൂട്ട്, മാതളനാരകം തുടങ്ങിയവയുടെ തൈകൾ വിൽപ്പനയ്ക്ക് ലഭ്യമാണ്. രണ്ടുവർഷം പ്രായമായ രണ്ടര അടിയോളം

പൊക്കമുള്ള ഗ്രാഫ്റ്റ്, ലെയർ തൈകളാണ് ഇവിടെ ലഭ്യമാക്കുന്നത്. കൂടാതെ കുറ്റികുരുമുളകുതൈകളും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 8281757450 എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

## കശുമാങ്ങ ഉത്പന്നങ്ങൾ വിൽപ്പനയ്ക്ക്

കേരള കാർഷിക സർവകലാശാലയുടെ തൃശൂർ കശുമാവ് ഗവേഷണ കേന്ദ്രത്തിൽ കശുമാങ്ങ ജ്യൂസ്, സിറപ്പ്, സോഡ, ക്യാൻഡി, അച്ചാർ, ജാംഎന്നിവ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0487 2370339** എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്..

## ഭരണിക്കാവ് സഹകരണ ബാങ്കിൽ മാമ്പഴ മേള

കൊല്ലം ഭരണിക്കാവ് സഹകരണ ബാങ്കിൽ മാമ്പഴ മേള ആരംഭിച്ചു. കോവിഡ് കാലത്ത് കർഷകരിൽ നിന്നും ലഭിക്കുന്ന വിഷരഹിതമായ മാമ്പഴം ആണ് നൽകുന്നത്. കച്ചവടക്കാരെ ഒഴിവാക്കിക്കൊണ്ട് കർഷകരിൽ നിന്നും വാങ്ങുന്നതുകൊണ്ട് പ്രാദേശികമായി ലഭ്യമാകുന്ന ഇനങ്ങൾമാത്രമേ വിൽപ്പനയ്ക്ക് ഉണ്ടാവുകയുള്ളൂ. ആദ്യ ദിനം ബംഗാനപ്പള്ളി, പഞ്ചവർണ്ണം എന്നീ ഇനങ്ങളാണ് ഉണ്ടാവുക. സിന്ദൂരം തുടങ്ങിയ ഇനങ്ങൾ അടുത്ത ആഴ്ച ലഭ്യമാകുന്നതാണ്. വിഷരഹിത മാമ്പഴം ആവശ്യമുള്ളകച്ചവടക്കാർക്കും ഹോൾസെയിൽ നിരക്കിൽ നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9446010755, 9447472036, 8086768279**എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

## അറിയിപ്പ്

കേരള കാർഷിക സർവ്വകലാശാലയുടെ മണ്ണൂത്തിയിലുള്ള കാർഷിക സാങ്കേതിക വിജ്ഞാന കേന്ദ്രത്തിൽ വള്ളിപ്പയർ ഇനങ്ങളായ ലോല, വൈജയന്തി, കെ.എ.യു. ദീപിക എന്നിവയും  അനശ്വര ഇനത്തിൽപ്പെട്ട കുറ്റിപ്പയർ വിത്തുകളും മോഹിത് നഗർ, മംഗള എന്നീ ഇനങ്ങളിൽപ്പെട്ട കവുങ്ങിന്റെ  നടീൽ വസ്തുക്കളും വിൽപ്പനയ്ക്ക് ലഭ്യമാണ്.

## അറിയിപ്പ്

കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള സെൻട്രൽ നേഴ്സറിയിൽ മികച്ച ഇനം പച്ചക്കറി വിത്തുകളും, തൈകളും വില്പനയ്ക്കായി തയ്യാറാക്കിയിട്ടുണ്ട്.  കൂടാതെ, W.C.T., കോമാടൻ, കുറ്റ്യാടി, ലക്ഷദ്വീപ് ഓർഡിനറി തെങ്ങിൻതൈകളും, നീലം, പ്രിയൂർ, മല്ലിക, ചന്ദ്രക്കാരൻ, ഗുദാദത്ത്, രത്ന, ഒ-45, ഒ-15 മാവിനങ്ങളും, മറ്റ് ഫലവൃക്ഷങ്ങളും, പന്നിയൂർ, കരിമുണ്ട വേരുപിടിപ്പിച്ച കുരുമുളക് വള്ളികളും, അയർ, സമ്പൂർണ്ണ, അമൃതം തുടങ്ങിയ സൂക്ഷ്മ മൂലകകൂട്ടുകളും, സ്യുഡോമോണാസ്, ട്രൈക്കോഡർമ, മൈക്കോറൈസ മുതലായവയും വില്പനയ്ക്കായി തയ്യാറായിട്ടുണ്ട്.  പ്രവർത്തനസമയം രാവിലെ 10 മണി മുതൽ വൈകീട്ട് 5 മണിവരെയാണ്.

## അറിയിപ്പ്

തെങ്ങ്, കവുങ്ങ്, കുരുമുളക്, വാഴ, ഇഞ്ചി, പച്ചക്കറികൾ, പയറുവർഗ്ഗ ങ്ങൾ മുതലായവയിൽ മണ്ണിലൂടെ വ്യാപിക്കുന്ന  രോഗങ്ങളെ നിയന്ത്രി ക്കാൻ സാധിക്കുന്ന ട്രൈക്കോഡെർമ്മ സമ്പുഷ്ട ജൈവവളം തൃശ്ശൂർ

കൃഷി വിജ്ഞാന കേന്ദ്രത്തിൽ ലഭ്യമാണ്. 2 കിലോഗ്രാം പാക്കറ്റിന് 70/- രൂപയാണ് വില. പ്രവൃത്തി ദിവസങ്ങളിൽ 10.30 മണി മുതൽ 4.30 വരെ 9400483754 എന്ന നമ്പരിൽ വിളിച്ച് ബുക്ക് ചെയ്യേതാണ്.

## കാർഷിക നിർദ്ദേശങ്ങൾ

വെള്ളരിവർഗ്ഗ വിളകളിൽ ബാക്റ്റീരിയൽ വിൽറ്റ് രോഗം കണ്ടുവരുന്നുണ്ട്. ഇതു തടയുന്നതിനായി രോഗം പരത്തുന്ന കീടങ്ങൾക്കെതിരെ തടത്തിൽ വേപ്പിൻ പിണ്ണാക്ക് ചേർത്ത് കൊടുക്കുക. കൂടാതെ 20 ഗ്രാം പച്ച ചാണകം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തെളിയെടുത്തു തളിച്ചു കൊടുക്കുക. രോഗം മൂർച്ഛിക്കുന്ന അവസ്ഥയിൽ സ്ട്രെപ്റ്റോസൈക്ലിൻ 3 ഗ്രാം 10 ലിറ്റർ എന്ന തോതിൽ തളിച്ച് കൊടുക്കാവുന്നതാണ്.

## പഴം-പച്ചക്കറി സംസ്കരണ കേന്ദ്രം

വയനാട്ടിലെ അമ്പലവയൽ കൃഷിവിജ്ഞാന കേന്ദ്രത്തിൽ പഴം-പച്ചക്കറി സംസ്കരണകേന്ദ്രം തുറന്നു. കെ.വി.കെ യിലെ സാങ്കേതിക വിദഗ്ദ്ധരുടെ സഹായത്തോടെ കർഷകർക്കും കർഷക സംഘങ്ങൾക്കും മൂല്യവർധിത ഉത്പന്നങ്ങളുണ്ടാക്കാൻ ഇവിടെ സൗകര്യമുണ്ടായിരിക്കും. വിവിധ ഫലവർഗങ്ങളുടെ മൂല്യവർധിത ഉത്പന്നങ്ങളുണ്ടാക്കാൻ ആധുനിക യന്ത്രസൗകര്യങ്ങൾ ഇവിടെ ലഭ്യമാണ്. പഴച്ചാർ വേർതിരിക്കൽ, പാനീയം നിശ്ചിത അളവിൽ കുപ്പികളിൽ നിറയ്ക്കൽ, നൂഡിൽസ് നിർമ്മാണം, ഇഞ്ചി, വെളുത്തുള്ളി പുറംതൊലി നീക്കൽ, പഴം, പച്ചക്കറി, സുഗന്ധവ്യഞ്ജനങ്ങൾ ഉണക്കിയെടുക്കൽ

തുടങ്ങിയവയ്ക്കുളള സംവിധാനവും ഇവിടെയുണ്ട്. കൂടുതൽ വിവരങ്ങൾക്ക് **9496930411** എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.